**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3069** **01-03-2023 - ൽ മറുപടിയ്ക്ക്**

**ആര്യങ്കാവ്-റോസ് മല റോഡ് വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ആര്യങ്കാവ്-റോസ് മല വനപാതയിൽ ആര്യങ്കാവ് ആർ.ഒ. ജംഗ്ഷനിൽ നിന്നും 47-ാം ഭാഗം വരെയുള്ള മൂന്ന് കിലോമീറ്റർ റോഡ് പൂർണമായും തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തെന്മല ഡിവിഷനിലെ ആര്യങ്കാവ് റെയിഞ്ചിലെ കടമാൻപാറ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലുള്ള ആര്യങ്കാവ് - റോസ്മല റോഡിന്റെ പല ഭാഗങ്ങൾ തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡിൽ 47-ാം ഭാഗം മുതൽ റോസ് മല വരെയുള്ള ഭാഗം മൂന്ന് കോടി രൂപ മുടക്കി നവീകരിച്ച സാഹചര്യത്തിൽ അവശേഷിക്കുന്ന മൂന്ന് കിലോമീറ്റർ ഭാഗം കൂടി നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | 47-ാം ഭാഗം മുതൽ റോസ്മല വരെ നിലവിലുള്ള പ്രസ്തുത റോഡിൽ വനത്തിന് പാരിസ്ഥിതിക പ്രശ്നങ്ങൾ വരാത്ത രീതിയിലാണ് ടി നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. അതിപുരാതന കാലം മുതൽക്കേ ഉള്ള റോഡാണ് ആര്യങ്കാവ് - റോസ്മല റോഡ്. മുൻപ് ടി റോഡ് നെടുവണ്ണൂർക്കടവ് വഴിയാണ് കടന്നുപോയിരുന്നത്. തുടർന്ന് ഡാം കമ്മീഷൻ ചെയ്തതിന് ശേഷമാണ് ടി റോഡ് തെന്മല വഴി ആര്യങ്കാവ് റോസ്മല വരെ സഞ്ചാരയോഗ്യമാക്കിയത്.<br>മുൻപ് ഉള്ള റോഡ് തകരാറിലായതിനാൽ 2018-19 കാലയളവിൽ നബാർഡ് ഫണ്ട് ഉപയോഗിച്ചാണ് ടി നിർമ്മാണ പ്രവൃത്തിനടത്തിയിട്ടുള്ളത്. നിലവിലുള്ള റോഡിന്റെ വീതി കൂട്ടാതെ തന്നെ അവശേഷിക്കുന്ന 3 കിലോറീറ്റർ ഭാഗം കൂടി നവീകരിക്കുന്നതിനുള്ളനടപടികൾ അനുമതിയും ഫണ്ടും ലഭിക്കുന്നതിന് അനുസൃതമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ